## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2223** **08.12.2015-ൽ മറുപടിയ്ക്ക്**

# ഊർജ്ജ മേഖലയിലെ കർമ്മപദ്ധതികൾ.

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ ഉല്പാദന-പ്രസരണ വിതരണ രംഗങ്ങളിൽ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(എ) & (ബി) 63.6 MW ന്റെ 6 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 219 MW ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജല വൈദ്യുത പദ്ധതികൾ മത്സര ദർഘാസിലൂടെ IPP /CPP വിഭാഗങ്ങളിലായി BOOT അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതു കൂടാതെ ആതിരപ്പിള്ളി പദ്ധതി (163 MW) കോടതിയിൽ നിലനിൽക്കുന്ന കേസ് തീരുന്ന മുറയ്ക്ക് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കെ. എസ്. ഇ. ബി. എൽ മുഖേന വിവിധ ജലേതര പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാത്ത നവീകരണോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുക, ഉപഭോക്താക്കൾക്ക് ആവശ്യമായ വൈദ്യുതോർജ്ജം പരമാവധി ഉല്പാദിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കുക, നിയമപരമായ നവീകരണ ഊർജ്ജ ക്രയ ബാധ്യത (RPO) നിറവേറ്റുക തുടങ്ങിയവയാണ് സൗരോർജ്ജ/കാറ്റിൽ നിന്നുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽവരുത്തുന്നത് വഴി ലക്ഷ്യമിടുന്നത്.

C.P.Q. No. 2423
Annexure

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലിയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| | ആകെ | 1.146 | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി യുടെ ജനറേഷൻ വിഭാഗത്തിലെ അനുയോജ്യമായ പവർ ഹൗസ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് കണക്റ്റഡ് (17 നം.) | 0.700 | നിർമ്മാണം ആരംഭിച്ചു |
| 2 | പാലക്കാട് 5 ആദിവാസി കോളനികൾ ഡി.ഡി.ജി | 0.047 | നിർമ്മാണം ആരംഭിച്ചു |
| 3 | പാലക്കാട് 10 ആദിവാസി കോളനികൾ ഡി.ഡി.ജി | 0.0845 | 04.11.2015 ൽ കരാർ ഒപ്പു വച്ചു |
| 4 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 | വർക്ക് ഓർഡർ നൽകി |
| 5 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 29.10.2015 ൽ കരാർ ഒപ്പു വച്ചു |
| 6 | പടിഞ്ഞാറത്തറ ഡാം | 0.400 | വർക്ക് ഓർഡർ നൽകി |
| | ആകെ | 3.4815 | |

## ടെൻഡർ ക്ഷണിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം |
|---|---|---|---|
| 1 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിന്റെ മുകളിൽ | 0.03 | ടെൻഡർ നടപടികൾ |

| | | | |
|---|---|---|---|
| 2 | ബാണാസുരസാഗർ റിസർവ്വോയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | വർക്ക് അവാർഡ് ചെയ്തു |
| 3 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | വർക്ക് ഓർഡർ നൽകി |
| 4 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | വർക്ക് ഓർഡർ നൽകി |
| 5 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | ടെൻഡർ വിളിച്ചു |
| 6 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | ടെൻഡർ വിളിച്ചു |
| 7 | പൊന്നാനി, മലപ്പുറം | 0.50 | ടെൻഡർ വിളിച്ചു |
| 8 | കൊട്ടിയം, കൊല്ലം | 0.60 | ടെൻഡർ വിളിച്ചു |
| 9 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | വർക്ക് ഓർഡർ നൽകി |
| 10 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | ടെൻഡർ വിളിച്ചു |
| 11 | പീരുമേട്, ഇടുക്കി | 0.50 | ടെൻഡർ വിളിച്ചു |
| 12 | മാടക്കത്തറ & ചൂലിശ്ശേരി, തൃശ്ശൂർ | 1.50 | ടെൻഡർ വിളിച്ചു |
| 13 | ഏറ്റുമാനൂർ, കോട്ടയം | 1.00 | ടെൻഡർ വിളിച്ചു |
| 14 | പേഴയ്ക്കാപ്പിള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | ടെൻഡർ വിളിച്ചു |
| 15 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | ടെൻഡർ വിളിച്ചു |
| 16 | മയിലാട്ടി, കാസർഗോഡ് | 1.00 | ടെൻഡർ വിളിച്ചു |
| | ആകെ | 15.4 | |

## ലക്ഷ്യം വയ്ക്കുന്ന പുതിയ സൗരോർജ്ജ/കാറ്റിൽ നിന്നുള്ള പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം |
|---|---|---|---|
| 1 | കമ്പമല എസ്റ്റേറ്റ് | 0.040 | ഫോറസ്റ്റിന്റെ അനുമതി ലഭിച്ചിട്ടില്ല |
| 2 | കാസർഗോഡ് സോളാർ പാർക്ക് ഗ്രിഡ് കണക്ടഡ് ഗ്രൗണ്ട് | 200.00 | 487.71 ഏക്കർ സ്ഥലം 07.10.2015 ൽ എടുത്ത് ജോയിന്റ് വെഞ്ചർ കമ്പനി സ്ഥാപിക്കുന്നതിനുള്ള നടപടി നടന്നു വരുന്നു |
| 3 | കൊച്ചി ഫോർട്ട് ട്രസ്റ്റിൽ- കെ.എസ്.ഇ.ബി യുടെ സ്ഥലത്ത് | 5 മെഗാവാട്ട് | |

| | | | |
|---|---|---|---|
| 4 | ചതുരംഗപ്പാറയിൽ മൈക്രോ ഗ്രിഡ് പദ്ധതി | 500 കിലോ വാട്ട് സോളാർ 800 കിലോ വാട്ട് വിൻഡ് | സാമ്പത്തിക സഹായത്തിനായി പ്ലാനിംഗ് ബോർഡിൽ പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട്. |
| 5 | അഗളി മോഡൽ പദ്ധതികൾ | 2 മെഗാവാട്ട് | സാമ്പത്തിക സഹായത്തിനായി പ്ലാനിംഗ് ബോർഡിൽ പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട് |
| 6 | പൂവാർ ഫിഷർമെൻ കോളനി | 1 മെഗാവാട്ട് വിൻഡ് | |
| | ആകെ സോളാർ<br>ആകെ വിൻഡ് | 208.54<br>0.8 | |

സെക്ഷൻ ഓഫീസർ